**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 72** **23-01-2025 - ൽ മറുപടിയ്ക്ക്**

**വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കേന്ദ്ര സർക്കാർ അനുവദിക്കാൻ ഉദ്ദേശിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്.) പലമടങ്ങായി തിരിച്ചടയ്ക്കണമെന്ന കേന്ദ്ര ധന മന്ത്രാലയത്തിന്റെ തീരുമാനത്തിനെതിരെ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് 03-07-2019-ന് കത്ത് നല്കിയിരുന്നു. കൂടാതെ, പദ്ധതിയെ വിലയിരുത്തുന്ന DEA-യുടെ കീഴിലുള്ള Empowered Institution-ന്റെ 24-11-2020 ൽ നടന്ന യോഗത്തിലും, Empowered Committee-യുടെ 27-06-2022, 27-07-2024 തീയതികളിൽ നടന്ന യോഗങ്ങളിലും VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചു കൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി കേന്ദ്ര ധനമന്ത്രിക്ക് 23-10-2024-നും പ്രധാന മന്ത്രിക്ക് 10-12-2024-നും കത്തുകൾ നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ രാജ്യത്ത് മറ്റ് തുറമുഖങ്ങൾക്ക് നൽകിയ വി. ജി.എഫ്. ഫണ്ട് അനുവദിച്ചപ്പോൾ തിരിച്ചടയ്ക്കണമെന്ന നിബന്ധന സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | വി.ജി.എഫ്. ഫണ്ട് ഏതെല്ലാം പദ്ധതികൾക്ക് ആണ് നൽകി വരുന്നത്; സംസ്ഥാനത്ത് മറ്റ് ഏതെങ്കിലും പദ്ധതികൾക്ക് വി.ജി.എഫ്. ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരിച്ചടവിന് നിബന്ധന സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നടപ്പിലാക്കുന്നത് പ്രോത്സാഹിപ്പിക്കാനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് "Scheme for Financial Support to Public Private Partnerships in Infrastructure" അഥവാ "Viability Gap Funding (VGF) Scheme". കേന്ദ്ര ധനമന്ത്രാലയത്തിനു കീഴിലുള്ള Department of Economic Affairs (DEA)-ആണ് ടി സ്കീം നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | വാണിജ്യപരമായി ലാഭകരമല്ലാത്തതും, എന്നാൽ സമ്പദ് വ്യവസ്ഥയ്ക്ക് അത്യന്താപേക്ഷിതവുമായിട്ടുള്ള (Commercially Unviable but Economically Justified) പദ്ധതികൾ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃക യിൽ നടത്തുമ്പോൾ, പദ്ധതി നിർവ്വഹണത്തിനായി സ്വകാര്യ പങ്കാളിക്ക് നൽകുന്ന ഗ്രാന്റാണ് Viability Gap Funding (VGF). പദ്ധതി തുകയുടെ പരമാവധി 20% തുക വരെയാണ് ഈ സ്കീമിൽ കേന്ദ്ര സർക്കാർ സ്വകാര്യ പങ്കാളിക്ക് ഗ്രാന്റായി നൽകുന്നത്.<br><br>സംസ്ഥാനത്തെ മറ്റ് പദ്ധതികൾക്കൊന്നും VGF ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ